തീരദേശ റോഡുകളുടെ പുനരുദ്ധാരണം

102 [1081] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയിലെ അടിസ്ഥാന വികസനം ലക്ഷ്യമാക്കി തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് തുക അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി സർക്കാർ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിരുന്നുവോ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് തീരദേശ മേഖലയിലെ റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണത്തിനായി 13 കോടി രൂപ അനുവദിച്ചിരുന്നു.

(ബി) തീരദേശ മേഖലയിലെ സമഗ്രമായ സാമൂഹ്യവികസനം ലക്ഷ്യമാക്കി റോഡു നിർമ്മാണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്കുവേണ്ടി 504 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു.

(സി) 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ ലഭിച്ചതിനുശേഷമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് മണ്ണെണ്ണ ലഭ്യമാക്കുന്ന നടപടി

103 [1082] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിന് ലഭിക്കേണ്ട മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ;

(ഡി) മണ്ണെണ്ണ ലഭ്യമാക്കാൻ ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ഇറക്കുമതി തീരുവ ഇല്ലാതെ മണ്ണെണ്ണ ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പബ്ലിക് സെക്ടർ ഓയിൽ കമ്പനികൾ വഴി മണ്ണെണ്ണ ലഭ്യമാക്കി മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നിർദ്ധന മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം

104 [1083] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എത്ര തുകയാണ് ധനസഹായമായി ലഭ്യമാക്കുന്നതെന്നും ഏത് ഏജൻസി മുഖാന്തിരമാണ് ധനസഹായം ലഭ്യമാക്കുന്നതെന്നും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പെൺകുട്ടികൾക്ക് ഈ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി അമ്പതിനായിരം രൂപയെങ്കിലും ലഭ്യമാക്കുവാനുള്ള ഒരു പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 1500 രൂപയാണ് ധനസഹായമായി നൽകുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 31-5-2004 വരെ 7589 പേർക്ക് 1,13,83,500 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

(സി) ധനസഹായ തുക വർദ്ധിപ്പിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly